# GHSS POTTASSERY

https://schoolwiki.in/sw/1zr



# ACADEMIC MASTER PLAN

# 2025-2026

# Table of Contents

ആമുഖം....1
പ്രധാന ഘടകങ്ങൾ....1
ലക്ഷ്യ നിർണയം:....1
പാഠ്യേതര പ്രവർത്തനങ്ങൾ:....1
കരിയർ മാർഗനിർദേശം:....1
അക്കാദമിക് മാസ്റ്റർ പ്ലാൻ -ലോവർ പ്രൈമറി (ക്ലാസ് 1-4)....2
ഗണിതശാസ്ത്ര ശേഷി:....2
ഭാഷ....2
പരിസ്ഥിതി പഠനം:....2
മൂല്യബോധം:....2
സാമൂഹിക പ്രവർത്തനങ്ങൾ....2
മൂല്യനിർണയ രീതി:....2
അക്കാദമിക് മാസ്റ്റർപ്ലാൻ UP....10
ലക്ഷ്യങ്ങൾ....10
അക്കാദമിക് മികവ്:....10
വ്യക്തിത്വ വികസനം:....10
പാഠ്യേതര പ്രവർത്തനങ്ങൾ:....10
അക്കാദമിക് ഘടനവിഷയങ്ങൾ....10
മലയാളം:....10
ഇംഗ്ലീഷ് UP....12
ഗണിതം UP....14
....15
ശാസ്ത്രം UP....15
സാമൂഹ്യശാസ്ത്രം UP....17
ഹിന്ദി UP....18
അക്കാദമിക് മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ....20
മലയാളം....20
ഇംഗ്ലീഷ്....21
ഗണിതം:....22
ശാസ്ത്രം....24
സോഷ്യൽ സയൻസ്....26
ഹിന്ദി....27
അറബിക്....27
കായിക ആരോഗ്യ വിദ്യാഭ്യാസം....28
കലാവിദ്യാഭ്യാസം....29
തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം....30

Inclusive Education....................30
കൗൺസിലിംഗ്....................31
STUDENT POLICE CADET....................32
LITTLE KITES....................32
JUNIOR RED CROSS....................33

# ACADEMIC MASTER PLAN

# GHS POTTASSERY

## ആമുഖം

**അക്കാദമിക് മാസ്റ്റർ പ്ലാൻ എന്നത് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ യാത്രയെ സുഗമമാക്കുന്നതിനും അവരുടെ അക്കാദമിക്, വ്യക്തിഗത, കരിയർ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും രൂപകൽപ്പന ചെയ്ത ഒരു വിശദമായ പദ്ധതിയാണ്. ഈ പ്ലാൻ വിദ്യാർത്ഥികൾക്ക് അവരുടെ ശക്തികളും താൽപ്പര്യങ്ങളും തിരിച്ചറിയാനും, അവയ്ക്കനുസരിച്ച് കോഴ്സുകൾ, പ്രവർത്തനങ്ങൾ, ഭാവി പദ്ധതികൾ എന്നിവ തെരഞ്ഞെടുക്കാനും സഹായിക്കുന്നു.**

### പ്രധാന ഘടകങ്ങൾ

### ലക്ഷ്യ നിർണയം:

**വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമിക്, കരിയർ ലക്ഷ്യങ്ങൾ വ്യക്തമാക്കാൻ സഹായിക്കുന്നു.കോഴ്സ് തെരഞ്ഞെടുക്കൽ: ഉയർന്ന ക്ലാസുകളിലേക്കുള്ള വിഷയങ്ങൾ, ഐച്ഛിക വിഷയങ്ങൾ, അധിക കോഴ്സുകൾ എന്നിവ തീരുമാനിക്കുന്നു.**

### പാഠ്യേതര പ്രവർത്തനങ്ങൾ:

**കല, കായികം, സേവന പ്രവർത്തനങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനം പ്രോത്സാഹിപ്പിക്കുന്നു.**

### കരിയർ മാർഗനിർദേശം:

**ഭാവിയിലെ തൊഴിൽ അവസരങ്ങൾ, കോളേജ് പ്രവേശനം, സ്കോളർഷിപ്പുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു.നിരീക്ഷണവും വിലയിരുത്തലും: പുരോഗതി വിലയിരുത്തി പ്ലാൻ ആവശ്യാനുസരണം പരിഷ്കരിക്കുന്നു.ഈ പ്ലാൻ വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, കൗൺസിലർമാർ എന്നിവർ ചേർന്ന് തയ്യാറാക്കുന്നു. ഇത് വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ഭാവിയിൽ വിജയകരമായ ഒരു പാത തെരഞ്ഞെടുക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു**

# അക്കാദമിക് മാസ്റ്റർ പ്ലാൻ -ലോവർ പ്രൈമറി (ക്ലാസ് 1-4)

**ലോവർ പ്രൈമറി വിദ്യാർത്ഥികളുടെ അടിസ്ഥാന വിദ്യാഭ്യാസ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും അവരുടെ മാനസിക, ശാരീരിക, സാമൂഹിക വികാസം ഉറപ്പാക്കുന്നതിനുമായി തയ്യാറാക്കുന്ന ഒരു രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഈ പ്ലാൻ സ്കൂളിന്റെ സവിശേഷതകൾ, വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ, കേരള പാഠ്യപദ്ധതി എന്നിവയുമായി യോജിപ്പിച്ചാണ് രൂപപ്പെടുത്തുന്നത്.ലക്ഷ്യങ്ങൾഅടിസ്ഥാന സാക്ഷരത: എല്ലാ വിദ്യാർത്ഥികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ വായന, എഴുത്ത്, ആശയവിനിമയ ശേഷി നേടുക**

## ഗണിതശാസ്ത്ര ശേഷി:

**അടിസ്ഥാന ഗണിത പ്രവർത്തനങ്ങളിൽ (കൂട്ടൽ, കുറയ്ക്കൽ, ഗുണനം, ഹരണം) പ്രാവീണ്യം.**

### ഭാഷ

**അക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ മനസ്സിലാക്കുക.ആശയം ഗ്രഹിച്ച് അർത്ഥപൂർണമായി വായിക്കുക.**

**സർഗാത്മക രചനകൾ (കഥ, കവിത) പ്രോത്സാഹിപ്പിക്കുക.പ്രവർത്തനങ്ങൾ:വായനാ മത്സരങ്ങൾ, കഥാപാത്ര ചർച്ചകൾ, ലൈബ്രറി സന്ദർശനം.മലയാളം ടൈപ്പിംഗ്, ഓൺലൈൻ റിസോഴ്സ് ഉപയോഗം.**

## പരിസ്ഥിതി പഠനം:

**പ്രകൃതി, സാമൂഹിക പരിസരം, ആരോഗ്യ ശീലങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം.സർഗാത്മകത:**

**കല, സാഹിത്യം, കായികം എന്നിവയിലൂടെ വിദ്യാർത്ഥികളുടെ സർഗശേഷി വളർത്തുക.**

### മൂല്യബോധം:

**സഹകരണം, ഉത്തരവാദിത്തം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക**

**മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസ്ഥിതി പഠനം, അറബിക് എന്നിവയ്ക്ക് വിഷയാധിഷ്ഠിത ലക്ഷ്യങ്ങൾ.പ്രവർത്തനാധിഷ്ഠിത പഠനം, ഐ.സി.ടി. ഉപയോഗം, ഗ്രൂപ്പ് പ്രവർത്തനങ്ങൾ.**

### സാമൂഹിക പ്രവർത്തനങ്ങൾ

**ലഹരി വിരുദ്ധ ബോധവൽക്കരണം, റോഡ് സുരക്ഷ, ആരോഗ്യ ശീലങ്ങൾ, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്കായി പ്രത്യേക പരിപാടികൾ.വിദ്യാർത്ഥികൾക്ക് സന്തോഷകരമായ പഠനാനുഭവം ഉറപ്പാക്കാൻ "പഠനത്തിലൂടെ ആനന്ദം" എന്ന സമീപനം.**

### മൂല്യനിർണയ രീതി:

**തുടർ മൂല്യനിർണയം, പ്രോജക്ട് വർക്ക്, ക്വിസ്, ഓറൽ ടെസ്റ്റുകൾ.വിദ്യാർത്ഥികളുടെ പുരോഗതി രേഖപ്പെടുത്തൽ.വിഷയാധിഷ്ഠിത മാതൃക**

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

**3.** കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം- വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4.** അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

**5.** അറിവിന്റെ പടവുകൾ (അറബി ഭാഷാ പഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, വീട്ടുവായന, കഥാ വായന, വായനാമത്സരങ്ങൾ, മോണിറ്ററിംഗ്. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA, SRG |
| ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ, ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| | സംഭാഷണങ്ങൾ കേൾപ്പിക്കുന്നു, ലാംഗ്വേജ് ഗെയിംസ്, റോൾ പ്ലേ, ക്ലാസ് സംഭാഷണം, കാർട്ടൂൺ പ്രദർശനം. | | | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഡ്രമാറ്റൈസേഷൻ. | | | ഫെബ്രുവരി | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, കൂട്ടി എഴുത്ത്, അക്ഷരക്കാർഡ് നിർമ്മാണം, കൈയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ചാർട്ടെഴുത്ത്, ചിത്രകഥ നിർമ്മിക്കൽ. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |
| Translation: Malayalam to Arabic, Arabic to Malayalam, Arabic to English, English to Arabic. | | II-IV | ജൂൺ-മാർച്ച് | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ UP

**അപ്പർ പ്രൈമറി ക്ലാസുകൾ (5 മുതൽ 7 വരെ) വിദ്യാർത്ഥികളുടെ അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ നിർണായക ഘട്ടമാണ്. ഈ ഘട്ടത്തിൽ അവരുടെ ബൗദ്ധിക, സാമൂഹിക, വൈകാരിക വികസനത്തിന് അനുയോജ്യമായ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. താഴെ നൽകുന്നത് ഈ ക്ലാസുകൾക്കായുള്ള ഒരു സമഗ്ര പദ്ധതിയാണ്.**

## ലക്ഷ്യങ്ങൾ

### അക്കാദമിക് മികവ്:

**അടിസ്ഥാന വിഷയങ്ങളിൽ (മലയാളം, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം) ശക്തമായ അടിത്തറ സൃഷ്ടിക്കുക.**

### വ്യക്തിത്വ വികസനം:

**സർഗാത്മകത, വിമർശനാത്മക ചിന്ത, സഹകരണം, ആത്മവിശ്വാസം എന്നിവ വളർത്തുക.**

### പാഠ്യേതര പ്രവർത്തനങ്ങൾ:

**കല, കായികം, പരിസ്ഥിതി ബോധവൽക്കരണം എന്നിവയിലൂടെ വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കുക.ജീവിത നൈപുണ്യങ്ങൾ: സമയക്രമം, ഉത്തരവാദിത്തം, ആശയവിനിമയം എന്നിവ പരിശീലിപ്പിക്കുക.**

അക്കാദമിക് ഘടനവിഷയങ്ങൾ

### മലയാളം:

**വായന, എഴുത്ത്, വ്യാകരണം, കവിത, കഥ, ലേഖനം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മലയാളഭാഷയോട് സ്നേഹവും താൽപര്യവും വളർത്തുക.<br>പദസമ്പത്ത് വളർത്താനും ആശയസംവേദന നടത്താനും കുട്ടിയെ പ്രാപ്തമാക്കുക | ഞാനും എൻറെ അവധിക്കാലവും<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കുന്നു<br>(കഥ,കവിത,അനുഭവക്കുറിപ്പ് തുടങ്ങിയ വ്യവഹാരങ്ങളിലൂടെ)<br>എഴുതുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന പഠിതാക്കൾക്ക് പറയാനുള്ള അവസരം നൽകുന്നു | ജൂൺ മാസം | ക്ലാസ് അധ്യാപിക | |
| പഠിതാക്കളെ | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ടിട്ടുള്ള | എല്ലാ | മലയാളം | പിടിഎ |

| | | | | |
|---|---|---|---|---|
| അക്ഷരങ്ങളും ചിഹ്നങ്ങളും തെറ്റുകൂടാതെ ഉപയോഗിക്കാൻ പ്രാപ്തരാക്കുക | മനോഹരമായ വായന കാർഡുകൾ നൽകി ആസ്വാദകരമായ രീതിയിൽ അവ വായിക്കുവാൻ ഉള്ള അവസരം നൽകുന്നു | ആഴ്ചയും | അധ്യാപകർ | |
| പഠിതാവിന് തെറ്റ് കൂടാതെ മലയാളം വായിക്കാനുള്ള കഴിവ് ഉറപ്പുവരുത്തുക | എന്റെ വായന<br>ദിനപത്രങ്ങൾ വായന കാർഡുകൾ എന്നിവ ഉറക്കെ വായിപ്പിക്കുക<br>(വായനക്ക് പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് ലളിതമായ ഭാഷ ഉപയോഗിച്ചുള്ള വായന കാർഡുകൾ നൽകാം)<br>വാർത്ത വായന മത്സരങ്ങൾ സംഘടിപ്പിക്കുന്നു | എല്ലാദി വസവും<br>പ്രത്യേക ദിവസ ങ്ങളിൽ | ക്ലാസ് അധ്യാപകർ<br>നന്നായി വായിക്കുന്ന പഠിതാക്കൾ<br>മലയാളം അധ്യാപകർ | |
| പഠിതാക്കൾക്ക് വിവിധ വിഷയങ്ങളെക്കുറിച്ച് എഴുതുവാനും പ്രസംഗിക്കാനും ഉള്ള കഴിവ് വികസിപ്പിക്കുക | വായനാദിനം മാതൃഭാഷാ ദിനം തുടങ്ങിയ പ്രത്യേക ദിവസങ്ങളിൽ പ്രസംഗമത്സരം ഉപന്യാസം മത്സരം തുടങ്ങിയവ സംഘടിപ്പിക്കുന്നു | പ്രത്യേക ദിവസ ങ്ങളിൽ | വിദ്യാരംഗം ക്ലബ് | |
| കുട്ടികളിലെ സർഗാത്മകത പരിപോഷിപ്പിക്കുക | കുട്ടികൾക്ക് പ്രാപ്യമായ രീതിയിൽ ചെറിയ വിഷയങ്ങൾ നൽകി അവയെ കുറിച്ച് കഥയോ കവിതയോ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു<br>കുട്ടികൾ തയ്യാറാക്കിയ ചെറിയ രചനകൾ വർഷാവസാനം പതിപ്പായി പ്രസിദ്ധീകരിക്കുന്നു<br>(എഴുത്തിൽ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് ഇത്തരം വിഷയങ്ങളെ കുറിച്ച് ചിത്രങ്ങൾ വരക്കാനുള്ള അവസരങ്ങൾ നൽകാം) | അക്കാദമ ിക വർഷം | മലയാളം അധ്യാപകർ | പിടിഎ |
| പഠിതാക്കളുടെ കലാവാസനകൾ പരിപോഷിപ്പിക്കുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നാടകങ്ങൾ കവിതകൾ കഥകൾ എന്നിവയുടെ ദൃശ്യാവിഷ്കാരങ്ങൾ ക്ലാസുകളിൽ പ്രദർശിപ്പിക്കുന്നു<br>(ഇത്തരം അവസരങ്ങളിൽ പിന്നോക്കക്കാരായ കുട്ടികളെ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം) | അക്കാദമ ിക വർഷം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഭാഷാ പഠനത്തിലെ ഡിജിറ്റൽ സാധ്യതകൾ പഠിതാക്കളെ പരിചയപ്പെടുത്തുക | മലയാളം ടൈപ്പിംഗ്<br>മലയാളത്തിലുള്ള നല്ല ബ്ലോഗുകളും വെബ്സൈറ്റുകളും പരിചയപ്പെടുത്തുക<br>ഓഡിയോ പുസ്തകങ്ങൾ കേൾപ്പിക്കുക | അക്കാദമ ികവർ ഷം | മലയാളം അധ്യാപകർ<br>ഐടി അധ്യാപകർ | |

# ഇംഗ്ലീഷ് UP

**വായന,വാക്കാലുള്ള ആശയവിനിമയം, ലളിതമായ കത്തുകൾ, ഗ്രാമർ.**

| AIM | ACTIVITIES | MONTH | RESPONSIBILITY |
|---|---|---|---|
| 1) To encourage listening and speaking | Interactive storytelling sessions, discussions, themes, characters to enhance listening skills* Group discussions and role plays to<br>* improve speaking skills<br>* vocabulary games<br>* to build word knowledge<br>* interactive reading<br>* circles<br>* Divide students into small groups<br>* and provide them<br>* with age-appropriate texts such as short stories | (june) | English teachers<br>English club |
| 2)To encourage reading | * 2) Encourage students to take turns reading aloud and share their interpretations and reactions to the text<br>* Guided reading sessions with<br>* comprehension | July | English teachers<br>English club |
| 3)To develop basic reading, writing, and | * Debates and presentations for<br>* advanced speaking practice<br>* Expanding vocabulary with context | Aug-Dec | English teachers |

| | | | |
|---|---|---|---|
| **speaking skills** | **clues from**<br>*** passage**<br>*** practice  for simple creative writing tasks like**<br>*** descriptive paragraphs, short stories and simple**<br>*** poetry**<br>*** prepare and delivering speeches, listening to analysing different**<br>*** media  sources** | | **English club** |
| **4)To cultivate effective communication skills**<br>**For various contexts** | *** Debates  and presentations for**<br>*** advanced speaking practice**<br>*** Expanding vocabulary with context clues from**<br>*** passage**<br>*** practice  for simple creative writing tasks like**<br>*** descriptive paragraphs, short stories and simple**<br>*** poetry**<br>*** prepare and delivering speeches, listening to analysing different**<br>*** media  sources** | **Jan-Dec** | **English teachers**<br>**English club** |
| **5)To develop writing skills** | *** To create  their own  poems, stories, dictionary and present it to**<br>*** the class** | **june-march** | **English teachers**<br>**English club** |
| **6) To develop basic grammar rules** | **Interactive grammar games. Structured grammar lessons**<br>*** with examples and practice exercises** | **June - march** | **English teachers**<br>**English club** |
| **7)focus on sentence**<br>**Structure, punctuation and grammar** | *** worksheets on parts of speech and sentence types**<br>*** play word association games** | | **English teachers**<br>**English club** |

# ഗണിതം UP

**അടിസ്ഥാന കണക്കുകൾ, ജ്യാമിതി, പ്രശ്നപരിഹാരം.ശാസ്ത്രം: ജീവശാസ്ത്രം, ഭൗതികശാസ്ത്രം, രസതന്ത്രം, പരീക്ഷണങ്ങൾ.**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | ക്ലാസ്സിലെ കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിക്കുന്നു. മിടുക്കരായ കുട്ടികളെ ലീഡർ ആയി തിരഞ്ഞെടുക്കുന്നു. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ലഭിക്കുന്നതിന വേണ്ടിയുള്ള പ്രവർത്തനങ്ങൾ ലീഡർമാരും അദ്ധ്യാപികയും കൂടി ആലോചിച്ചു ചെയ്യുന്നു<br>( ഗുണനപ്പട്ടിക,ഗുണനം ഹരണം, കൂട്ടൽ, കുറക്കൽ, സംഖ്യ ബന്ധങ്ങൾ....) | ജൂൺ,ജൂലൈ മാസങ്ങൾ<br>ആഴ്ചയിൽ ഒരു ദിവസം<br>മാസത്തിൽ ഒരുതവണ | ഗണിതഅധ്യാപകർ,ഗണിതത്തിൽ മിടുക്കരായ കുട്ടികൾ<br>ഗ്രൂപ്പ് ലീഡർമാർ, |
| ഗണിത മേഖലയിൽ കുട്ടികൾക്കുള്ള താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ലാബ് വിവിധ ജാമിതീയ രൂപങ്ങൾ, നമ്പർ ചാർട്ടുകൾ, ജോമട്രിക്കൽ ചാർട്ടുകൾ,ഗെയിമുകൾ, പസിലുകൾ, ഗണിത മാഗസിൻ, ഗണിത ഡിക്ഷ്ണറി.... തുടങ്ങിയവ കുട്ടികളെക്കൊണ്ട് ഗണിത അധ്യാപകരുടെ സഹായ ത്തോടെ ചെയ്യിപ്പിക്കുന്നു,<br>ദിനാചരണങ്ങൾ ജൂൺ മുതൽ ഫെബ്രുവരി മാസം വരെയുള്ള ഗണിതവുമായി ബന്ധപ്പെട്ട ദിനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കുന്നു, സംഘടിപ്പിക്കുന്നു (ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ) | ആവശ്യനുസരണം | ഗണിത അധ്യാപകർ |
| ഗണിതശേഷികളുടെ വികസനം | ഗണിത അസംബ്ലി എല്ലാ മാസവും എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് വിവിധ ഗണിത പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഗണിത അസംബ്ലി സംഘടിപ്പിക്കുന്നു.<br>( ഗണിത പ്രാർത്ഥന, ഗണിത ഒപ്പന, ഗണിത തിരുവാതിര... തുടങ്ങിയ പ്രവർത്തനങ്ങൾ | ആഴ്ചയിൽ ഒരു ദിവസം | ഗണിത ക്ലബ്ബ്<br>ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തുന്നു) | | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്ക്* :ഗണിതത്തിൽ മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ഗണിത അധ്യാപകരും ചേർന്ന് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു ആഴ്ചയിൽ ഒരു പിരീഡ് പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന മികവിനായി മാറ്റിവയ്ക്കുന്നു നിരന്തരമായതും ലളിതവുമായ പഠനപ്രവർത്തനങ്ങളിലൂടെ ഈ കുട്ടികളെ കൂടി ഗണിതത്തിൽ മുൻനിരയിൽ എത്തിക്കാൻ ശ്രമിക്കുന്നു. | ആവശ്യാനുസരണം | പഠനത്തിൽ മുൻനിരയിൽ നിൽക്കുന്ന കുട്ടികൾ, ഗണിത അധ്യാപകർ |
| ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി ഉപയോഗിക്കുന്നു | ഐടി സാധ്യതകൾ ഗണിത പഠനത്തിൽ ജിയോജിബ്ര ഉപയോഗിക്കുന്നു ഗണിത ഗെയിമുകൾ, രസകരമായ പസിലുകൾ, രൂപങ്ങളുടെ നിർമ്മാണം തുടങ്ങിയവക്കായി ഐ ടി പ്രയോജനപ്പെടുത്തുന്നു. | വർഷത്തിൽ പല പ്രാവശ്യം | ഗണിത അധ്യാപകർ യു പി വിഭാഗം എസ് ഐ ടി സി. |

# ശാസ്ത്രം UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ജൈവവൈവിധ്യപാർക്ക് നിർമ്മാണം :- ഔഷധത്തോട്ടം,ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യപാർക്ക് നിർമ്മാണം.<br>പരീക്ഷണക്കളരി:-നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളുടെ പ്രദർശനം. | അക്കാദിമ വർഷം | സയൻസ് ക്ലബ്,ശാസ്ത്രാധ്യാപകർ,ഊർജ ക്ലബ്,പരിസ്ഥിതിക്ലബ്. |
| ശാസ്ത്രവുമായി ബന്ധപ്പെട്ട | പരിസ്ഥിതിദിനം-<br>അടുക്കളത്തോട്ടനിർമ്മാണം,എന്റെ മരം | ജൂൺ | പരിസ്ഥിതിക്ലബ്,സയൻസ് ക്ലബ് |

| | | | |
|---|---|---|---|
| ദിനാചരണങ്ങളെ<br>ക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക. | നടൽ.<br>വായനാവാരം:- ശാസ്ത്രഅസംബ്ലി,ശാസ്ത്രപുസ്തകം പരിചയപ്പെടൽ.<br>ലഹരിവിരുദ്ധദിനം:-റാലി,പോസ്റ്റർ നിർമ്മാണം,പ്രസംഗം<br>ചാന്ദ്രദിനം:-ഡോക്യുമെന്ററി പ്രദർശനം,ക്വിസ്.<br>ഓസോൺദിനം:-പോസ്റ്റർ<br>നിർമ്മാണം,പ്രസംഗം.<br>ശാസ്ത്രദിനം:-ശാസ്ത്രവിസ്മയചുമർ ശാസ്ത്രപാഠഭാഗവുമായിബന്ധപ്പെട്ട് ശാസ്ത്രവിസ്മയചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | ജൂൺ<br>ജൂൺ<br>ജൂലൈ<br>സെപ്റ്റംബർ<br>ജനവരി-ഫെബ്രുവരി | കുട്ടികൾ, ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്,കുട്ടികൾ,<br>സയൻസ് ക്ലബ്,ശാസ്ത്രാധ്യാപകർ<br>കുട്ടികൾ, സയൻസ് ക്ലബ്<br>കുട്ടികൾ,ശാസ്ത്രാധ്യാപകർ |
| കുട്ടികളിൽ ശാസ്ത്രഅവബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്രമാസികകൾ അടങ്ങിയ ലൈബ്രറികൾ തയ്യാറാക്കുന്നു. | ആഗസ്ററ് | കുട്ടികൾ |
| കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുക. | സ്കൂൾതല ശാസ്ത്രോത്സവം | സെപ്റ്റംബർ | അധ്യാപകർ |
| പ്രകൃതിയെ അറിയാനുള്ള അവസരം ഉണ്ടാക്കുന്നു. | കണ്ടറിയാൻ ഒരു യാത്ര:- വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ,കാവുകൾ കണ്ടെത്തൽ,പുഴയെ അറിയാനുള്ള യാത്രകൾ. | ഒക്ടോബർ | അധ്യാപകർ<br>വിവിധ ക്ലബുകൾ |
| നൂതനസാങ്കേതിക വിദ്യകൾ പരിചയപ്പെടൽ. | LED ബൾബുകളുടെ നിർമ്മാണം:- ക്രിയേറ്റീവ് കോർണറിന്റെ സഹായത്തോടെ LED ലൈറ്റുകൾ നിർമ്മിക്കുന്നു. | ഡിസംബർ | എനർജി ക്ലബ്<br>ശാസ്ത്രക്ലബ് |

# സാമൂഹ്യശാസ്ത്രം UP

ചരിത്രം, ഭൂമിശാസ്ത്രം, പൗരശാസ്ത്രം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | ചുമതല: |
|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ, അറിവുകൾ എന്നിവ പരിശോധിക്കൽ നേടിയെടുക്കൽ | 1 കളിയിൽ നിന്ന് കാര്യത്തിലേക്ക് : സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. ഓർമ്മച്ചെപ്പ് അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി സംസ്ഥാനങ്ങൾ എന്നിവയെ കുറിച്ച് ചർച്ചകൾ നടത്തി പട്ടികപ്പെടുത്താൻ ആവശ്യപ്പെടുകയും മെമ്മറി ടെസ്റ്റ് നടത്തുകയും ചെയ്യുന്നു | ജൂൺ | സാമൂഹികശാസ്ത്ര അധ്യാപകർ |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | 2 virtual field trip ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങ ളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ | സാമൂഹികശാസ്ത്ര അധ്യാപകർ |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തിയെടുക്കുക | 3. ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | | |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | 4.. വെള്ളപ്പൊക്കം കൊടുങ്കാറ്റ് ഭൂകമ്പം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | ജൂലൈ | സാമൂഹികശാസ്ത്ര അധ്യാപകർ |
| 5. സഹജീവികളുടെ സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | 5. പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരയായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപകർ |
| 6.. വിവര സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്ക് റോഡ് സുരക്ഷാ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ | അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| പ്രവർത്തനങ്ങളെക്കുറിച്ച ും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>. | | |
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | 7. പരിസരപ്രദേശങ്ങളിലെ കാവുകൾ കാടുകൾ ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപകർ |

# ഹിന്ദി UP

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലദൈർഘ്യ ം | ചുമതല |
|---|---|---|---|
| 1 കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു | | ജൂൺ ആദ്യവാരം | ഹിന്ദി അധ്യാപക ർ |
| 2 എല്ലാദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം | എല്ലാ കുട്ടികൾക്കും ഹിന്ദി സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുള്ള ശേഷി വർദ്ധിപ്പിക്കുക | ആഴ്ചയിൽ എല്ലാ ദിവസവും | ഹിന്ദി അധ്യാപക ർ |
| 3 പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പല വർണങ്ങളിൽ ആകർഷകമായ അക്ഷരമാല അവതരണം | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന കുട്ടികൾക്ക് വേണ്ട പിന്തുണ നൽകുക | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപക ർ |
| 4 ഹിന്ദിയിലുള്ള ജീവനികൾ ഡയറികൾ നോവലുകൾ കഥകൾ എന്നിവ വായിക്കുക | സാഹിത്യാഭിരുചി വളർത്തുക | ആഴ്ചയിൽ ഒരു തവണ | ഹിന്ദി അധ്യാപക ർ |
| 5 ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ, കവിതകൾ എന്നിവ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക | * ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും, വികസിപ്പിക്കുവാനുമുള്ള അവസരം | ദിനാചരണവു മായി ബന്ധപ്പെട്ട് | ഹിന്ദി അധ്യാപക ർ |
| 6 കുട്ടികളെകൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | | വർഷത്തിൽ രണ്ട് തവണ | ഹിന്ദി അധ്യാപക ർ |
| 7 പാഠഭാഗവുമായി ബന്ധപ്പെട്ട ഹിന്ദി ഓഡിയോ കേൾപ്പിക്കുക ഹിന്ദി സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | | പ്രതിദിനം | ഹിന്ദി അധ്യാപക |

| | | | |
|---|---|---|---|
| | | | ര് |
| 8 ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഹിന്ദി ഡോക്യുമെന്ററി കാണിക്കുക ഹിന്ദി സിനിമ കാണുക ഹിന്ദി വാർത്ത കേൾക്കാനും കാണാനും ഉള്ള അവസരം | ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റുക. | മാസത്തിൽ ഒരു തവണ | ഹിന്ദി അധ്യാപക ര് |
| 9 *അക്ഷരമുറപ്പിക്കൽ<br>* ചിഹ്നങ്ങൾ<br>മനസ്സിലാക്കൽ<br>* അക്ഷര കാർഡ് വാക്കുകൾ എഴുതിയ കാർഡ്<br>* വാക്കുകളുടെ നിർമ്മാണം<br>* വാക്യങ്ങളുടെ നിർമ്മാണം | കുട്ടികളുടെ ഭാഷ മെച്ചപ്പെടു ത്തുക എന്നീ ലക്ഷ്യ ങ്ങളോടെ ഭാഷാവസ്തക ളുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ നടത്തുന്നു. | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ഹിന്ദി അധ്യാപക ര് |
| 10 * വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളും ദൈനംദിന ജീവിതത്തിൽ ആവശ്യമായ വസ്തുക്കളുടെയും പേര് ഹിന്ദിയിൽ സംസാരിക്കുക | * ഉപയോഗിക്കുന്ന വസ്തുക്കളുടെയും ഉപകരണങ്ങളുടെ പേര് ഹിന്ദിയിൽ പഠിക്കുക | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി അധ്യാപക ര് |
| 11 *ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കുക<br>* ചിത്രത്തിന് അടിക്കുറിപ്പ് തയ്യാറാക്കുക<br>* ചിത്രം നൽകി കഥ പൂർത്തിയാക്കുക<br>* ചിത്രം നോക്കി കഥ പറയുക | | നവംബർ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപക |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹൈസ്കൂൾ

**ഹൈസ്കൂൾ (ക്ലാസ് 8 മുതൽ 10 വരെ) വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ യാത്രയിൽ നിർണായകമായ ഒരു ഘട്ടമാണ്. ഈ പ്ലാൻ വിഷയാധിഷ്ഠിതമായി തയ്യാറാക്കിയിട്ടുള്ളതാണ്, ഓരോ വിഷയത്തിന്റെയും ലക്ഷ്യങ്ങൾ, പഠന രീതികൾ, വിലയിരുത്തൽ, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി. ഇത് വിദ്യാർത്ഥികളുടെ അക്കാദമിക് മികവും സമഗ്ര വികസനവും ഉറപ്പാക്കാൻ സഹായിക്കും.**

# മലയാളം

**ലക്ഷ്യങ്ങൾ:**

**ഭാഷാപരമായ ആശയവിനിമയ ശേഷി, വായന, എഴുത്ത്, വ്യാകരണം എന്നിവയിൽ പ്രാവീണ്യം.മലയാള സാഹിത്യത്തിന്റെ വൈവിധ്യം മനസ്സിലാക്കുക (കവിത, കഥ, നോവൽ, നാടകം).വിമർശനാത്മക ചിന്തയും സർഗാത്മകതയും വികസിപ്പിക്കുക.പഠന രീതികൾ:സാഹിത്യ ചർച്ചകൾ, ഗ്രൂപ്പ് ഡിസ്കഷൻ, കഥാ രചന.ഓഡിയോ-വിഷ്വൽ ഉപകരണങ്ങൾ ഉപയോഗിച്ച് കവിത, നാടകം പഠിപ്പിക്കൽ.പ്രാദേശിക സാഹിത്യകാരന്മാരുടെ കൃതികൾ വായിക്കൽ.വിലയിരുത്തൽ:ലേഖന രചന, കഥാ സംഗ്രഹം, വ്യാകരണ ടെസ്റ്റുകൾ.വാമൊഴി പരീക്ഷ, പ്രോജക്ട് (ഉദാ: ഒരു കവിയുടെ ജീവചരിത്രം).ത്രൈമാസ, അർദ്ധവാർഷിക, വാർഷിക പരീക്ഷകൾ.**

| മാസം | പൊതുപ്രവർത്തനങ്ങൾ | ദിനാചരണങ്ങൾ | ക്ലാസ് തല പ്രവർത്തനങ്ങൾ 8 | ക്ലാസ് തല പ്രവർത്തനങ്ങൾ 9 | ക്ലാസ് തല പ്രവർത്തനങ്ങൾ 10 |
|---|---|---|---|---|---|
| ജൂൺ | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, പുസ്തക ചർച്ച, വിദ്യാരംഗം ക്ലബ്ബ് രൂപീകരണം | പരിസ്ഥിതി ദിനം, വായനാദിനം, പുകയില വിരുദ്ധ ദിനം | പ്രീ ടെസ്റ്റ്, നിലനിർണയം, ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് യൂണിറ്റ്-1 AT&BT | പ്രീ ടെസ്റ്റ്, നിലനിർണയം, പരിഹാരബോധനം, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, യൂണിറ്റ് 1 AT&BT | പ്രീ ടെസ്റ്റ്, പരിഹാരബോധനം, പ്രാരംഭ പ്രവർത്തനങ്ങൾ, വിവിധ വ്യവഹാര രൂപങ്ങൾ, യൂണിറ്റ്-1 AT&BT |
